**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** **31-08-2022 - ൽ മറുപടിയ്ക്ക്**

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് എത്ര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | 'സേഫ് കേരള' പ്രോജക്റ്റിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 700 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. കെൽട്രോണിനെയാണ് ഇതിന്റെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി, BOOT Annuity മോഡലിൽ, നിയമിച്ചിട്ടുള്ളത്. പ്രസ്തുത ക്യാമറകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതിന് മുമ്പ് ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം ബോധവത്ക്കരണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്ന ക്യാമറകൾ പൊതുനിരത്തുകളിലെ ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനുദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ 'നിങ്ങൾ ക്യാമറ നിരീക്ഷിണത്തിലാണ്' എന്ന സൂചനാ ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളുടെ വേഗപരിധി നിശ്ചയിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (സി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ വഴി വേഗ പരിധി ലംഘനം കണ്ടെത്തുന്നില്ല. മറ്റ് ഗതാഗത നിയമലംഘനങ്ങളാണ് ഇത്തരം ക്യാമറകൾ വഴി കണ്ടെത്തുന്നത്. ആയതിന് സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത ക്യാമറകളുടെ സഹായത്തോടെ പിടിക്കപ്പെടുന്ന ട്രാഫിക് നിയമ ലംഘനങ്ങളിൽ ഏതൊക്കെ ഇനങ്ങൾക്ക്, എത്ര രൂപ വീതം പിഴകളാണ് ഈടാക്കുന്നതെന്നതെന്ന് അറിയിക്കാമോ; | (ഡി) | ഹെൽമറ്റ് ധരിക്കാതിരിക്കുക, ഇരുചക്ര വാഹനത്തിൽ രണ്ടുപേരിലധികം യാത്ര ചെയ്യുക, സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, മൊബൈൽ ഫോൺ ഉപയോഗിച്ച് വാഹനമോടിക്കുക, നിയമപ്രകാരമല്ലാത്ത നമ്പർ പ്ലേറ്റ് പ്രദർശിപ്പിച്ച് വാഹനമോടിക്കുക എന്നിവയാണ് പ്രസ്തുത ക്യാമറകളുടെ സഹായത്തോടെ കണ്ടെത്തുന്ന ട്രാഫിക് നിയമലംഘനങ്ങൾ.<br><br>ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാത്തതിന് 500/- രൂപ വീതവും ഇരുചക്ര വാഹനത്തിൽ രണ്ടുപേരിലധികം യാത്രചെയ്യുന്നത് 1000/- രൂപയും |

| | | | |
|---|---|---|---|
| | | | വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് 2000/- രൂപയും നിയമപ്രകാരമല്ലാത്ത നമ്പർ പ്ലേറ്റ് പ്രദർശിപ്പിച്ച് വാഹനമോടിക്കുന്നതിന് 2000/- മുതൽ 5000/- രൂപ വരെയും പിഴ ഈടാക്കിവരുന്നു. |
| (ഇ) | പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതിന് സർക്കാർ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (ഇ) | ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് Project Management Consultant ആയി കെൽട്രോണിനെയാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത ക്യാമറകൾ പ്രവർത്തനക്ഷമമായതിനുശേഷം മാത്രമേ കെൽട്രോണിന് തുക അനുവദിയ്ക്കുകയുള്ളൂ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനായി നിലവിൽ തുക ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ